I. ഇ.ബി. XII-കേരള നിയമസഭ/XIV-18

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 23, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

സർക്കാർ ഭൂമി കയ്യേറി വിൽപ്പന നടത്താനുള്ള നീക്കം

മി. സ്പീക്കർ: ഇടുക്കി ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ സർക്കാർ ഭൂമി കയ്യേറി വിൽപ്പന നടത്താനുള്ള നീക്കവും സർക്കാർ ഭൂമി റവന്യൂ വകുപ്പുമന്ത്രിയുടെ പേരിൽ വാങ്ങാൻ കരാർ എഴുതാവുന്ന സാഹചര്യവും നിലനിൽക്കുന്നതിനാൽ ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ശിവദാസൻ നായർ, ജോസഫ് എം. പുതുശ്ശേരി വി.കെ. ഇബ്രാഹീംകുഞ്ഞ്, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കയ്യേറ്റത്തിനും ഒഴിപ്പിക്കലിനും എതിരെ ശക്തമായ നടപടികളുമായി മുന്നോട്ടു പോകുന്ന

ഗവൺമെന്റിന്റെ പ്രവൃത്തികളെ ദുർവ്യാഖ്യാനം ചെയ്ത് ജനശ്രദ്ധ തിരിച്ചുവിടാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. കീഴാന്തൂരിൽ വ്യാപകമായി യൂക്കാലിപ്റ്റസ് മരങ്ങൾ വെട്ടുന്നതിനെക്കുറിച്ച് അന്വേഷിച്ച് നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രിയുടെ പേരുമായി ബന്ധപ്പെട്ടു വന്ന പത്രവാർത്തയുടെ നിജസ്ഥിതി അന്വേഷിക്കാൻ ലാന്റ് റവന്യൂ കമ്മീഷണർക്കും കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ചെങ്ങറ സമരവുമായി ബന്ധപ്പെട്ട് മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കീഴാന്തൂർ വില്ലേജിൽ 350 ഏക്കർ ഭൂമി 657 പ്ലോട്ടുകളായി തിരിച്ച് 1495 പേർക്ക് ഈ മാസം 30-ാം തീയതി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. ആയിരം ഏക്കർ ഭൂമി പ്ലോട്ട് തിരിച്ച് ഏപ്രിൽ, മേയ് മാസത്തിൽ വിതരണം ചെയ്യാൻ കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യാജ പട്ടയങ്ങളും വ്യാജരേഖകളും ചമയ്ക്കുന്ന സംഘടിത ശ്രമങ്ങളെ പോലീസ്-ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി തടയാനുള്ള നടപടികളാണ് എടുത്തുകൊണ്ടിരിക്കുന്നത്. ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യാനുള്ള ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിന് പകരം കയ്യേറ്റക്കാരെ സഹായിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സഭാനടപടികൾ നിറുത്തി വച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: കീഴാന്തൂർ വില്ലേജിൽ പട്ടയമില്ലാത്ത ആറ് ഏക്കർ ഭൂമി ബാലസുബ്രഹ്മണ്യം എന്നയാൾ റവന്യൂവകുപ്പുമന്ത്രിക്കു വിൽക്കുന്നതിന് കരാർ എഴുതിയിരിക്കുന്നുവെന്ന പത്രവാർത്തയുടെ നിജസ്ഥിതി വ്യക്തമാക്കണം. മൂന്നാറിൽ ഭൂ മാഫിയയുടെ പ്രവർത്തനം ശക്തമാണ്. 12,500 ഏക്കർ ഭൂമി ആരുടെയൊക്കെ പക്കൽ നിന്നാണ് ഗവൺമെന്റ്

പിടിച്ചെടുത്തതെന്നും ഇതിൽ എത്ര ഏക്കർ ഭൂമി ഇപ്പോൾ ഗവൺമെന്റിന്റെ കൈവശമുണ്ടെന്നും എത്ര ഭൂമി പാവപ്പെട്ടവർക്ക് പതിച്ചു കൊടുത്തുവെന്നും വ്യക്തമാക്കണം. കീഴാന്തൂരിൽ നിന്നും പിടിച്ചെടുത്ത 9,000 ഏക്കർ ഭൂമിയും നയമക്കാട് നിന്നും പിടിച്ചെടുത്ത 1250 ഏക്കർ ഭൂമിയും ദൗത്യസംഘം പിടിച്ചെടുത്ത പത്തര ഏക്കർ ഭൂമിയും സർവ്വേ നടത്തി അളന്നു തിട്ടപ്പെടുത്തി ഗവൺമെന്റിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കണം. ടാറ്റാ കമ്പനി നടത്തിയ മുഴുവൻ എൻക്രോച്ച്മെന്റുകളും റെഗുലറൈസ് ചെയ്തു കൊടുത്തിരിക്കുന്നുവെന്നതുൾപ്പെടെ റീ സർവ്വേ വിജിലൻസ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിലെ കാര്യങ്ങൾ നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. ഗവൺമെന്റ് ഭൂമിയിലെ യൂക്കാലിപ്റ്റസ് മരങ്ങൾ വെട്ടി വിൽപ്പന നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. ഭൂ മാഫിയകൾക്കെതിരെ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ:</u> ചെങ്ങറ സമരത്തിൽ പങ്കെടുത്ത 1495 പേർക്കും ഈ വരുന്ന 30-ാം തീയതി ഭൂമി വിതരണം ചെയ്യും. ആയിരം ഏക്കർ ഭൂമി പ്ലോട്ടുകളാക്കി തിരിച്ച് ഏപ്രിൽ മേയ് മാസം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യൂക്കാലിപ്റ്റസ് മരങ്ങൾ വെട്ടിമാറ്റി ഭൂമി അളന്ന് തിരിച്ച് ഭൂരഹിതരായ ആളുകൾക്ക് കൈമാറി വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടുകൂടി കമ്മ്യൂണിറ്റി വില്ലേജ് പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്. വട്ടവടയിൽ 350 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ചു. ട്രഷറി ഡോക്യുമെന്റുകളുടെയും മറ്റും സഹായത്തോടെ വ്യാജപട്ടയങ്ങൾ കണ്ടെത്തി കെ.എൽ.ടി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്. മറയൂർ, കീഴാന്തൂർ, വട്ടവട, കാന്തല്ലൂർ തുട

ങ്ങിയ മേഖലകളിൽ വ്യാപകമായി കയ്യേറിയ സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.. 1996-2001 കാലഘട്ടത്തിൽ ടാറ്റാ കമ്പനിക്ക് ഭൂമി റെഗുലറൈസ് ചെയ്തു കൊടുത്തുവെന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്. ഭൂമി ഫൈനലായി റഗുലറൈസ് ചെയ്ത് പ്രസിദ്ധീകരിക്കണമെങ്കിൽ നടപടിക്രമമനുസരിച്ച് സർവ്വേ പൂർത്തിയാക്കി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് റവന്യൂ റിക്കോർഡ്സിലേയ്ക്ക് കൈമാറണം. കൈയേറ്റം ഒഴിപ്പിച്ചെടുത്ത റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ഭൂമി വേറെയാരെങ്കിലും കൈയേറിയിട്ടുണ്ടോയെന്ന് അന്വേഷിക്കുന്നതിനും മറ്റുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.. സർക്കാർ ഭൂമി സംരക്ഷിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റിന്റെ താല്പര്യങ്ങളോടൊപ്പം നിൽക്കുന്നതിനു പകരം ഗവൺമെന്റ് നടപടികളെ ആക്ഷേപിക്കാനും അതിനെ ദുർബ്ബലപ്പെടുത്താനുമുള്ള ശ്രമം ഉണ്ടാകാൻ പാടില്ല. വ്യാജരേഖ ചമച്ചതിനും റവന്യൂ മന്ത്രിയുടെ പേരിൽ കൃത്രിമ രേഖ ഉണ്ടാക്കിയതിനും പോലീസ് അന്വേഷണം ഉണ്ടാകും. പ്രസ്തുത വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചേയ്യേണ്ടതില്ല.

(അടിയന്തിരപ്രമേയ അവതരണത്തിന് അനുമതി നിഷേധിച്ചു)

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : അടിയന്തിര പ്രമേയാവതരണവേളയിൽ സ്ത്രീകളെ വളരെ മോശമായ രീതിയിൽ അപമാനിക്കുകയുണ്ടായി. അത് രേഖകളിൽ നിന്ന് നീക്കം ചെയ്യണം.

(അടിയന്തിര പ്രമേയാവതരണ വേളയിൽ ശ്രീ. കെ. ശിവദാസൻ നായരുടെ പ്രസംഗത്തിലെ ചില പരാമർശങ്ങൾക്കെതിരെ ഭരണകക്ഷിയിലെ വനിതാ മെമ്പർമാർ ഉൾപ്പെടെയുള്ളവർ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാ

നടപടികൾ തടസ്സപ്പെടുത്തിയതിനെത്തുടർന്ന് സഭ രാവിലെ 10.09-ന് നിറുത്തി വയ്ക്കുകയുണ്ടായി.)

(ഉച്ചയ്ക്കുശേഷം 12.12-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സഭ സമ്മേളിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ശ്രീ. ശിവദാസൻ നായർ ഇവിടെ നടത്തിയ വിവാദമായ പരാമർശം എന്താണെന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കർ വ്യക്തമാക്കണം.

മി. സ്പീക്കർ: അടിയന്തിര പ്രമേയവേളയിൽ ബഹുമാനപ്പെട്ട ശിവദാസൻ നായർ വിഷയം അവതരിപ്പിച്ചുകൊണ്ട് നടത്തിയ ചില പരാമർശങ്ങൾ സഭയിൽ വിശേഷിച്ച് വനിതാ അംഗങ്ങളിൽ പ്രതിഷേധവും വേദനയും ഉളവാക്കിയിട്ടുണ്ട്. ചെയർ രേഖ പരിശോധിച്ചപ്പോൾ പ്രസ്തുത പരാമർശം ഒരു കഥയിൽനിന്നെടുത്ത വാചകമാണെന്നാണ് മനസ്സിലായത്. ഇക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കക്ഷിനേതാക്കളും വനിതാ അംഗങ്ങളുമായി ചർച്ച നടത്തി. ബഹുമാനപ്പെട്ട ശിവദാസൻ നായർക്ക് എന്തെങ്കിലും വ്യക്തിപരമായ വിശദീകരണം നടത്താനുണ്ടെങ്കിൽ നടത്താവുന്നതാണ്.

**വ്യക്തിപരമായ വിശദീകരണം**

ശ്രീ. കെ. ശിവദാസൻ നായർ : ആരെയും വേദനിപ്പിക്കാനോ സഭയുടെ അന്തസ് ഇടിച്ചുതാഴ്ത്താനോ ഉദ്ദേശിച്ചിട്ടില്ല. ഉറൂബ് ചെറുകഥയിലെ ആശയമാണ് പറഞ്ഞത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സഭയുടെ അന്തസ്സിനും മാന്യതയ്ക്കും നിരക്കാത്ത കഥാഭാഗങ്ങൾ ക്വാട്ട് ചെയ്യാതിരിക്കുന്നതാണ് നല്ലത്.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്നു ബഹളം വച്ചുകൊണ്ടിരുന്നു. ബഹുമാനപ്പെട്ട മെമ്പർമാർ അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോകുകയും സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിയിലേയ്ക്ക് കടന്നു.)

**ശ്രദ്ധ ക്ഷണിക്കൽ**

(ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

സഹകരണ സ്ഥാപനങ്ങളിലൂടെ പച്ചത്തേങ്ങയും നെല്ലും സംഭരിക്കുന്നതിനുള്ള നടപടി

ശ്രീ. സി. കെ. പി. പത്മനാഭൻ: സഹകരണ സ്ഥാപനങ്ങൾ വഴി പച്ചത്തേങ്ങ കൂടുതലായി സംഭരിക്കുന്നതിനും സഹകരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന നെല്ല് കുത്തി അരിയാക്കി ത്രിവേണി സ്റ്റോറുകൾ വഴി വിറ്റഴിക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മിനിമം സപ്പോർട്ട് പ്രൈസ് 2010 പ്രകാരം സംസ്ഥാനത്ത് കൊപ്ര/പച്ചത്തേങ്ങ സംഭരണം നടത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു

കൊണ്ടും സംസ്ഥാനതല നോഡൽ ഏജൻസികളെ നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**റിപ്പോർട്ട് സമർപ്പണം**

(1) 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

(2) 2010-ലെ അബ്കാരി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണ കാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

(i) 2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ

വ്യവസായ വകുപ്പുമന്ത്രി (ശ്രീ.എളമരം കരീം): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീമതി ഇ.എസ്. ബിജി മോൾ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം

വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭ നിരാകരിച്ചു.

2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>മൂന്നാം വകുപ്പ്</u>

117, 118 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

118-ാം നമ്പർ ഭേദഗതി സ്വീകരിച്ചു. (118) 'ഖണ്ഡം 3(1)-ലെ "അതിൽ" എന്ന വാക്കിനു പകരം "സർക്കാരിൽ" എന്നു ചേർക്കുക' മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>നാലാം വകുപ്പ്</u>

126, 127, 128, 129 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>ഒൻപതാം വകുപ്പ്</u>

152 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>പന്ത്രണ്ടാം വകുപ്പ്</u>

154 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>പതിമൂന്നാം വകുപ്പ്</u>

156, 157 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>പതിനാറാം വകുപ്പ്</u>

162-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>പതിനെട്ടാം വകുപ്പ്</u>

163-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

165 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>ഇരുപത്തിയെട്ടാം വകുപ്പ്</u>

170 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>ഒന്നാം പട്ടിക</u>

മന്ത്രി തഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

'ഒന്നാം പട്ടികയിലെ - കോളം (3)-ൽ "ബാധ്യതകൾ ഒഴികെ" എന്നീ വാക്കുകൾ ഒഴിവാക്കുക'.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ.എളമരം കരീം):</u> 2010-ലെ ആലപ്പുഴ യിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പു മന്ത്രി (<u>ശ്രീ.കെ.പി. രാജേന്ദ്രൻ</u>): പ്രമേയത്തെ പിൻതാങ്ങുന്നു.

2010-ലെ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ അവ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. കെ.വി. കുഞ്ഞിരാമൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

### 2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

In clause 2(1)(a) for the words “State Government” substitute the word “Government”.

In clause 2(1)(c) for the brackets, words and figures “(Central Act 1947)” substitute the brackets; words and figures “(Central Act 14 of 1947)”.

In clause 2(1)(e) for the brackets, words and figures “(Central Act 1947)” substitute the brackets words and figures “(Central Act 14 of 1947)”.

In clause 2(1)(g)(1) for the words “State Government” substitute the word “Government”.

In clause 2(1)(m) for the brackets words and figures “(Central Act 1926)” substitute the brackets, words and figures “(Central Act 16 of 1926)”.

In clause 2(1)(n) for the brackets words and figures “(Central Act 1947)” substitute the brackets, words and figures “(Central Act 14 of 1947)”.

In clause 2(2) after the words and figures “Trade Unions Act 1926” add the brackets words and figures “(Central Act 16 of 1926)”.

121-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

4-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

In clause 4(2) and in the proviso, for the words “two years” the words “three years” shall be substituted.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

In clause 4(2)

after the words “by the employer concerned” add the words “or as the case may be during the period extended under the proviso to sub-section (3) of section 9”.

in the first proviso after the word “cancelled” add the words “or withdrawn”.

in the second proviso for the words “any other union may be entertained” substitute the words “any other trade union may be entertained”.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു.

5-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

In clause 5(3) for the words “name of that Union” substitute the words “name of that Trade Union”.

Delete the words “as early as possible”.

In the proviso to clause 5(4) for the brackets, words and figures “(Central Act 1947)” substitute the brackets, words and figures “(Central Act 14 of 1947)”.

155, 157 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

155-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

(155) In sub clause (3) of clause (5) delete the words “as early as possible”

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>6-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

In clause 6(1) after the word ‘fraud add the word ‘or misrepresentation’

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>10-ാം വകുപ്പ്</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. ഗുരുദാസൻ)</u>: താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

In clause 10(2) for the brackets, words and figures ‘(Central Act, 1947)’ substitute the brackets, words and figures ‘(Central Act 14 of 1947)’.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

12-ാം വകുപ്പ്

187-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

13-ാം വകുപ്പ്

188-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

(188) In clause 13 the words "One thousand" may be substituted by the words "Five Thousand"

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

15-ാം വകുപ്പ്

192-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

1-ാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

In clause 1(3)(a) for the brackets, words and figures "(Central Act 1947)" substitute "(Central Act 14 of 1947)".

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

108, 114, 115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു..

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): 2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ ഉച്ചയ്ക്ക് ശേഷം 12.45-ന് പിരിഞ്ഞു.

................